**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2027** **02-02-2024 - ൽ മറുപടിയ്ക്ക്**

**കുളത്തൂർ ഗവ: ഹയർ സെക്കന്ററി സ്കൂൾ സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കായിക വകുപ്പ് പുറപ്പെടുവിച്ച 18.10.2023-ലെ 305/2023/എസ്&വൈ.എ. നമ്പർ ഉത്തരവിലെ ക്രമ നമ്പർ 5-ൽ പ്രതിപാദിച്ചിരിക്കുന്ന കുളത്തൂർ ഗവ.ഹയർ സെക്കന്ററി സ്കൂൾ സ്റ്റേഡിയം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ; | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയ്ക്കായി അംഗീകരിച്ച കളിസ്ഥലങ്ങളുടെ ലിസ്റ്റിന് പ്രസ്തുത ഉത്തരവ് പ്രകാരം സമഗ്രമായ ഭരണാനുമതി നൽകിയിട്ടുള്ളതും ഓരോ പ്രവൃത്തിയ്ക്കും എസ്റ്റിമേറ്റ് തയ്യാറാക്കി പ്രത്യേകം പ്രത്യേകം ഭരണാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കായിക യുവജനകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.<br><br>സംസ്ഥാന പ്ലാൻ ഫണ്ട്, എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട്, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, ഗുണഭോക്തൃ വിഹിതം, കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ സി.എസ്.ആർ. ഫണ്ട് തുടങ്ങിയ മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് സമാഹരിച്ചാണ് ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിക്ക് ആവശ്യമായ തുക സമാഹരിക്കുന്നത്. നിലവിൽ ഈ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട കളി സ്ഥലങ്ങളുടെ നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ട് അനുവദിച്ചതായി ബന്ധപ്പെട്ട എം.എൽ.എ.യിൽ നിന്നോ ജില്ലാകളക്ടറിൽ നിന്നോ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.<br><br>ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സമർപ്പിക്കണമെന്ന് ബഹു.എം.എൽ.എ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 1 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എം.എൽ.എ ഫണ്ട് അനുവദിച്ചുകൊണ്ട് അറിയിപ്പ് ലഭിച്ചാലുടൻ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി സമർപ്പിക്കുന്നതാണ്. |
| (ബി) | പ്രസ്തുത സ്റ്റേഡിയത്തിന്റെ ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ടോയെന്നും ഡി.പി.ആർ | (ബി) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയ്ക്കായി അംഗീകരിച്ച കളിസ്ഥലങ്ങളുടെ ലിസ്റ്റിന് പ്രസ്തുത |

| | | | |
|---|---|---|---|
| | പ്രകാരമുള്ള തുക എത്രയാണെന്നും വ്യക്തമാക്കാമോ? | | ഉത്തരവ് പ്രകാരം സമഗ്രമായ ഭരണാനുമതി നൽകിയിട്ടുള്ളതും ഓരോ പ്രവൃത്തിയ്ക്കും എസ്റ്റിമേറ്റ് തയ്യാറാക്കി പ്രത്യേകം പ്രത്യേകം ഭരണാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കായിക യുവജനകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.<br><br>സംസ്ഥാന പ്ലാൻ ഫണ്ട്, എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട്, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, ഉപഭോക്തൃ വിഹിതം, കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ സി.എസ്.ആർ. ഫണ്ട് തുടങ്ങിയ മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് സമാഹരിച്ചാണ് ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിക്ക് ആവശ്യമായ തുക സമാഹരിക്കുന്നത്. നിലവിൽ ഈ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട കളി സ്ഥലങ്ങളുടെ നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ട് അനുവദിച്ചതായി ബന്ധപ്പെട്ട എം.എൽ.എ.യിൽ നിന്നോ ജില്ലാകളക്ടറിൽ നിന്നോ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.<br><br>ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സമർപ്പിക്കണമെന്ന് ബഹു.എം.എൽ.എ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 1 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എം.എൽ.എ ഫണ്ട് അനുവദിച്ചുകൊണ്ട് അറിയിപ്പ് ലഭിച്ചാലുടൻ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ